DESPATCHED
On.9/2/22......

30/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1145(5)/19/SIC**
**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 9617/SIC-G7/2019**

*ഉത്തരവ് തീയതി : 30.12.2021*

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. കെ. പി. വർഗ്ഗീസ്,**
**കവിലേശ്വരത്ത്,**
**കണ്ടനാട് പി.ഒ,**
**എറണാകുളം – 682 305.** — **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
**തൃക്കാക്കര, എറണാകുളം.**

**അപ്പീൽഅധികാരി,**
**റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
**തൃക്കാക്കര, എറണാകുളം.** — **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 25.03.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 08.04.2019 |
| ഒന്നാംഅപ്പീൽ | 26.04.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 22.05.2019 |
| രണ്ടാംഅപ്പീൽ | 03.06.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 24.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത്, എറണാകുളം ജില്ല യിലെ ഉദയംപേരൂർ, ആമ്പല്ലൂർ, മുളന്തുരുത്തി, ചോറ്റാനിക്കര പഞ്ചായത്തുകൾ തൃപ്പൂണിത്തുറ നഗരസഭ എന്നിവിടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന പുഴയുടെ തെക്കും ഭാഗം വില്ലേജ് ബ്ലോക്ക് 365, തടമ വില്ലേജ് ബ്ലോക്ക് 108,109,252,312,326, കുരീക്കാട് വില്ലേജ് ബ്ലോക്ക് 11ൽ 1, മുളന്തുരുത്തി വില്ലേജ് ബ്ലോക്ക് 23 ൽ 319, മണ കുന്നം വില്ലേജ് ബ്ലോക്ക് 19 ൽ 70, 241, 388,389 എന്നിവയിൽ പറയുന്ന പുഴയുടെ നീളം, വീതി, അളവുകൾ എന്നിവ വ്യക്തമാക്കുന്ന ബ്ലോക്ക് മാപ്പുകൾ/സ്കെച്ചു കൾ, രേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് വിവരം ലഭ്യമാ കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജി ക്കാരൻ കമ്മീഷനെ അറിയിച്ചത്, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ കൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളു എന്നും ഒന്നാം എതിർകക്ഷി 08.04.2019 തീയതിയിൽ നൽകിയ മറുപടിയിൽ കേരള വിവരാവകാശ ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം ചട്ടം 2006 പ്രകാരവും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 23.09.2018 ലെ 26428/ഇ1/14/റവന്യൂ കത്ത് പ്രകാരവും സ്കെച്ചുകൾക്ക് യഥാർത്ഥ വില ഈടാക്കാം എന്ന് അറിയിച്ച എസ്.പി.ഐ.ഒയുടെ മറുപടി തികച്ചും ശരിയല്ല എന്നും ആയതിനാൽ ആവശ്യ പ്പെട്ട രേഖകൾ നിയമം അനുശാസിക്കുന്ന ഫീസ് ഈടാക്കി ലഭ്യമാക്കാനുള്ള നട പടി സ്വീകരിക്കണമെന്നാണ് അപ്പീൽഹർജിക്കാരൻ അറിയിച്ചത്.

4. നിലവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി എസ്.പി.ഐ.ഒ നൽകിയ മറുപടി ശരി യാണെന്ന് കാണുന്നതിനാൽ നിലവിലെ ഫീസ് ഒടുക്കി സർവ്വെ സ്കെച്ചുകൾ ലഭ്യമാക്കുവുന്നതാണെന്ന് അപ്പീൽ ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷനെ അറിയിച്ചത്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചതു പ്രകാരമുള്ള ഉത്തരവ് 2021 ഫെബ്രുവരി 25-ാം തീയതി പുറപ്പെടുവിച്ചിരുന്നു എങ്കിലും നിലവിൽ കേരള വിവരാവകാശ ഫീസിന്റെയും ചെലവിന്റെയും ക്രമീക രണം ചട്ടം 2006 പ്രകാരമുള്ള കേസിൻമേലുള്ള അന്തിമവിധിയുമായി ബന്ധപ്പെട്ട യാതൊരു തീരുമാനവും നാളിതുവരെ ഉണ്ടാകാത്ത സാഹചര്യത്തിൽ അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സൗജന്യമായി നൽകാവുന്നതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ബഹു. സുപ്രീം കോടതി WP(C) 194/2012 നമ്പർ കേസിലെ 20.03.2018 ലെ വിധിയിൽ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെ ടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും അപ്രകാരം ഫീസ് ഈടാക്കുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതാണെന്നും ഉത്തര വായിട്ടുണ്ട്. ആകയാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ അപ്പീൽ

ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ട രേഖാപകർപ്പുകൾക്ക് പേജ് ഒന്നിന് 3 രൂപാ വീതം ഫീസ് ഈടാക്കി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2021 ഡിസംബർ 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMAT